**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5373 — 31.10.2016-ൽ മറുപടിയ്ക്ക്

**നേത്രരോഗ ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എം. മണി:** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നേത്രരോഗ ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ ഉണ്ടായിട്ടും പല ആശുപത്രികളിലും ഇവ പ്രയോജനപ്പെടുത്താതെ ഉപകരണങ്ങൾ നശിച്ചുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇടുക്കി ജില്ലയിലെ വിവിധ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നേത്രരോഗ വിഭാഗത്തിൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളിൽ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഇവയിൽ ഏതൊക്കെ ആശുപത്രികളിൽ നേത്രരോഗ ശസ്ത്രക്രിയ ഉപകരണങ്ങൾ ഉണ്ടായിട്ടും പ്രയോജനപ്പെടുത്താത്തത് എന്നിവ സംബന്ധിച്ച വിശദാംശം നല്കാമോ; | (ബി) | ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ 5 തസ്തികകൾ ഉണ്ട്. ഇതിൽ 4 തസ്തികകളിൽ നേത്രരോഗ വിദഗ്ധർ ജോലി ചെയ്യുന്നു. ഇടുക്കി ജില്ലാ ആശുപത്രിയിൽ ഇപ്പോൾ തിയേറ്റർ ഉപയോഗിക്കാൻ പറ്റിയ അവസ്ഥയിൽ അല്ലാത്തതിനാൽ ശസ്ത്രക്രിയ നടക്കുന്നില്ല. ഉപയോഗയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ഗവ. മെഡിക്കൽ കോളേജിൽ 2 തസ്തികകൾ ഉണ്ട് . രണ്ടിലും ഡോക്ടർമാർ ജോലി ചെയ്യുന്നു. ഇവിടെ നേത്രരോഗ ശസ്ത്രക്രിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | സൗകര്യങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ കാഴ്ച പരിശോധന കേന്ദ്രങ്ങൾ മാത്രമായി ആശുപത്രികൾ പരിമിതപ്പെട്ടു പോകുന്ന സാഹചര്യം പരിശോധിക്കാമോ? | (സി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ശസ്ത്രക്രിയക്ക് വേണ്ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ